# ട്രിവാൻഡ്രം ഡെയ്സ്

മലയാള മനോരമ
2016 ജനുവരി 25 തിങ്കൾ TVM



ഹയർ സെക്കൻഡറി വിഭാഗം കുച്ചിപ്പുഡിയിൽ എ ഗ്രേഡ് നേടിയ ചിറയിൻകീഴ് എസ്എസ്‌വി ജിഎച്ച്എസ്എസിലെ എസ്.ബി. ശ്രുതി.



സംസ്ഥാന സ്കൂൾ കലോൽസവത്തിൽ ഹയർ സെക്കൻഡറി വിഭാഗം സംഘനൃത്തിൽ എ ഗ്രേഡ് നേടിയ തിരുവനന്തപുരം ആറ്റിങ്ങൽ ജിഎംബിഎച്ച്എസ്എസ് ടീം.

## സമൃദ്ധം ഹരിതാഭം

ഹയർ സെക്കൻഡറി ടീച്ചർമാരായ ജിംഷിതും മൻസൂറും അഭിലാഷും റിഷാനും ഹരിയും ഷിഹാബും കലോൽസവ നഗരിയിൽ പച്ച ടീഷർട്ട് അണിഞ്ഞ് എത്തിയതിനു ന്യായം പറഞ്ഞു-പച്ച നിറം എനർജി നൽകും. പച്ച, പ്രകൃതിയുടെ നിറം, സമാധാനത്തിന്റെ നിറം, സമൃദ്ധിയുടെ നിറം. ഇഷ്ടനിറം അണിഞ്ഞെത്തിയവരെക്കൊണ്ടു നിറഞ്ഞു കലോൽസവ നഗരി.

പച്ച കാണുന്നതേ സന്തോഷമണ്. ഇപ്പോ പച്ചപ്പേ ഇല്ലല്ലോ..അതുകൊണ്ടു പച്ചനിറത്തിലുള്ള വേഷമണിഞ്ഞ് എത്താനാണു സുമിതയ്ക്കും അഞ്ജനയ്ക്കും നസ്രിനും ഇഷ്ടം. കുഞ്ഞ് അഥർവിനു പച്ച ഉടുപ്പ് മാത്രം പോരാ, പച്ചത്തൊപ്പിയും കൂടി വേണം സന്തോഷമാകാൻ.

പച്ചയുടുപ്പിട്ടു മൽസരിച്ചാൽ കോൺഫിഡൻസ് കൂടുമെന്നാണു കോട്ടയത്തു നിന്നെത്തിയ കൃഷ്ണ സഞ്ജയ് പറയുന്നത്. എല്ലാ പച്ചകളും ഇഷ്ടമാണെങ്കിലും കടുംപച്ചയാണു മഞ്ജുവിനു കൂടുതൽ ഇഷ്ടം. പട്ടം സെന്റ് മേരീസ് ടീച്ചേഴ്സ് ട്രെയിനിങ് കോളജിൽ പഠിക്കുന്ന കീർത്തനയ്ക്കു പച്ച സാരിയുടുക്കാനാണ് ഏറ്റവും ഇഷ്ടം.

ടെക്നോവേൾഡ് ഐടി സ്റ്റോറിന്റെ സഹകരണത്തോടെ മലയാള മനോരമ കലോൽസവവേദികളിൽ നടത്തിയ ഇന്നത്തെ നിറം മൽസരത്തിൽ പച്ചയണിഞ്ഞു സമ്മാനം നേടിയവർ:ജിംഷിത് മലപ്പുറം, എൻ. സഹസ്രനാമം കരമന, എസ്.എസ്. സുമിത നെട്ടയം, അഞ്ജന എസ്. നായർ മയിലക്കര, നസ്രിൻ ബാനു പുതിയതുറ, എസ്. അഥർവ് പാങ്ങോട്, കൃഷ്ണ സഞ്ജയ് കോട്ടയം, ഡോ. വന്ദന തിരുമല, മഞ്ജു നാരായണൻ അയണിമൂട്, പി.എം. കീർത്തന പട്ടം.

### ഇന്നു വയലറ്റ് അണിഞ്ഞെത്തി സമ്മാനം നേടൂ..

TECHNO WORLD
THE IT STORE
COMPUTER | LAPTOP SALES & SERVICE
PUNNEN ROAD, STATUE, THIRUVANANTHAPURAM
PH : 9387800188, LANDLINE : 0471-2320004



അഥർവ്



ഡോ. വന്ദനയും മകൾ കൃഷ്ണപ്രിയയും.



പി.എം. കീർത്തന



അഞ്ജനയും നസ്റിനും സുമിതയും.



എൻ. സഹസ്രനാമം.



കൃഷ്ണാ സഞ്ജയ്.



അഭിലാഷ്, ജാഫർ സാദിഖ്, ജിംഷിത്ത്, മൻസൂർ അലി, ഷിഹാബ്, ഹരി, റിഷാൻ.



മഞ്ജു നാരായണൻ.

## സങ്കടക്കണ്ണുമായി വേദിക്കരികിൽ അശ്വതി

### മൽസരിച്ചിട്ടും മൽസരിച്ചില്ലെന്ന് അധികൃതർ

തിരുവനന്തപുരം ● കോട്ടൺ ഹില്ലിന്റെ മുറ്റത്തു നങ്ങ്യാർക്കൂത്ത് അരങ്ങേറുമ്പോൾ സ്കൂളിന്റെ ഒന്നാം നിലയിൽ നിസ്സഹായയായി നോക്കി നിൽപ്പുണ്ടായിരുന്നു അശ്വതി. അർഹതപ്പെട്ട വേദി നിഷേധിച്ചതിൽ അവൾക്കു പരിഭവമില്ല. വേഷം കെട്ടി വേദിയിൽ നിറഞ്ഞാടിയിട്ടും അശ്വതി മൽസരിച്ചിട്ടില്ലെന്നു വിധിയെഴുതിയവരോട് എന്തു പറയാൻ? നങ്ങ്യാർക്കൂത്തിലെ അറിയപ്പെടുന്ന കലാകാരി കൂടിയായ കോട്ടൺഹിൽ സ്കൂളിലെ പത്താം ക്ലാസുകാരി എസ്. അശ്വതിക്കാണു തന്റെ തന്നെ സ്കൂളിൽ നടന്ന മൽസരത്തിൽ പങ്കെടുക്കാൻ കഴിയാതെ പോയത്. നങ്ങ്യാർക്കൂത്തിന്റെ ഫലം പ്രസിദ്ധീകരിച്ചപ്പോഴാണ് അശ്വതിയുടെ വിധി മാറിമറിഞ്ഞത്. ജില്ലാതലത്തിൽ വിധികർത്താക്കൾ രണ്ടാംസ്ഥാനം വിധിയെഴുതിയെങ്കിലും കലോൽസവ സൈറ്റിൽ അശ്വതി മൽസരിച്ചതിനു തെളിവു പോലുമില്ല.

ആറു വർഷമായി മാർഗി കൂടിയാട്ട ഗുരുകുലത്തിൽ പഠിക്കുന്ന അശ്വതിക്ക് ഉപജില്ലാതല മൽസരം മുതൽ കുഴപ്പങ്ങൾ കൂടെയുണ്ട്. ഉപജില്ലാതലത്തിൽ അശ്വതി ഉൾപ്പെടെ രണ്ടുപേർ ഒന്നാംസ്ഥാനം നേടിയതായി അറിയിച്ചു മണിക്കൂറുകൾ കഴിയുമ്പോഴേക്കും ഫലം മാറിമറിഞ്ഞു. സ്കോർ ഷീറ്റിൽ തിരുത്ത് വീണതോടെ താൻ രണ്ടാംസ്ഥാനത്തായതായി അശ്വതി പറയുന്നു. എന്നാൽ, ദൈവം എഇഒയുടെ രൂപത്തിൽ സദസ്സിലുണ്ടായിരുന്നു. അശ്വതിയുടെ നങ്ങ്യാർക്കൂത്ത് പ്രകടനം നേരിൽക്കണ്ട എഇഒ അപ്പീൽ അംഗീകരിച്ചു. ജില്ലാതലത്തിൽ മൽസരിച്ചപ്പോൾ രണ്ടാംസ്ഥാനം. പക്ഷേ, ഫലം നെറ്റിൽ പ്രസിദ്ധീകരിച്ചപ്പോൾ മൽസരാർഥിയായിപ്പോലും അശ്വതിയുടെ പേരില്ല.

ഇതുസംബന്ധിച്ചു പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു പരാതി നൽകി. കാര്യമായ നടപടിയൊന്നും ഉണ്ടാകാതെവന്നതോടെ അഭിഭാഷകനെ സമീപിച്ചെങ്കിലും ഫീസ് നൽകാനില്ലാതെ പിൻവാങ്ങി. അപ്പീൽ വഴിയെത്താനുള്ള പണമോ മറ്റോ ഈ കുടുംബത്തിനില്ല. മോട്ടോർ വർക്ക്ഷോപ്പ് മെക്കാനിക് വലിയശാലയിലെ ശ്രീധരന്റെയും ജയയുടെയും മകളാണ്. കൂടിയാട്ടത്തിലെ തിമില കലാകാരനായ മാർഗി അഖിലാണു സഹോദരൻ.

സ്ഥാനങ്ങളല്ല, തെളിഞ്ഞുകത്തുന്ന വിളക്കിനു മുന്നിൽ നങ്ങ്യാർക്കൂത്ത് അവതരിപ്പിച്ചിട്ടും മൽസരിച്ചില്ലെന്നു പറഞ്ഞ് ഒഴിവാക്കിയതിലാണ് ഈ കലാകാരിയുടെയും കുടുംബത്തിന്റെയും സങ്കടം. തിരിച്ചുകിട്ടുമോ ആ രണ്ടാംസ്ഥാനമെങ്കിലും?



ഹൈസ്കൂൾ വിഭാഗം നങ്ങ്യാർക്കൂത്ത് മൽസരം നടക്കുമ്പോൾ കോട്ടൺഹിൽ സ്കൂളിലെ ക്ലാസ്മുറിക്കു മുന്നിൽ എസ്. അശ്വതി.

## പാട്ട് പാടുന്ന കുട്ടിയായി വീണ്ടും വിദ്യ

തിരുവനന്തപുരം● വെള്ളിനക്ഷത്രത്തിലെ കുക്കുരു കുക്കു കുറുക്കനെന്ന പാട്ട് കേൾക്കാത്തവർ എത്രപേരുണ്ടാകും? ഒരായിരം കുഞ്ഞുങ്ങളെ ചിരിപ്പിച്ച പാട്ട്, കുഞ്ഞിച്ചുണ്ടുകളിൽ ഈണമായ പാട്ട്, മാമൂട്ടിയ പാട്ട്, കൊഞ്ചിച്ച പാട്ട്.. പതിനൊന്നാം വയസ്സിൽ മൂന്നു വയസ്സുകാരി തരുണിക്കായി കൊഞ്ചിപ്പാടിയ വിദ്യ വിശ്വംഭരൻ, തന്നെ ഗായികയായി അംഗീകരിച്ച കലോൽസവ നഗരിയിലേക്ക് ഇത്തവണ എത്തിയതു തന്റെ കണ്ണീരു മറയ്ക്കാനാണ്. തന്റെ നഷ്ടപ്പെട്ട താരാട്ടിന്റെ ദുഃഖം മറക്കാനാണ്. രണ്ടാഴ്ച മുൻപു വിദ്യയുടെ രണ്ടു മാസം മാത്രം പ്രായമായ കുഞ്ഞിനെ വിധി എടുത്തു. പിന്നെ വിദ്യ മുറിക്കു പുറത്തിറങ്ങിയിട്ടില്ല. 2004, 2005 വർഷങ്ങളിൽ തന്റെ ഏറ്റവും വലിയ ആവേശമായിരുന്ന സംസ്ഥാന സ്കൂൾ കലോൽസവം സ്വന്തം നാട്ടിലെത്തിയപ്പോൾ വിദ്യയെയും കൂട്ടി വന്നതാണ് അമ്മ. തന്റെ മകൾ പാട്ട് കേട്ടെങ്കിലും വീണ്ടും ഒന്നു ചിരിച്ചുകാണാൻ. നാടൻപാട്ടും ഗാനമേളയും നടക്കുന്ന പൂജപ്പുരയിലെ വേദിയിലെത്തിയപ്പോൾ വിദ്യ വീണ്ടും പാട്ട് പാടുന്ന കുട്ടിയായി. ദുഃഖം മറന്നിട്ടോ, മറച്ചിട്ടോ വീണ്ടും ചിരിച്ചു. ലളിതഗാനത്തിൽ ലാളിത്യം വേണമെന്നാവശ്യപ്പെട്ടു. സെമി ക്ലാസിക്കൽ പാട്ടുകൾക്കു ലളിതഗാന മൽസരത്തിൽ സമ്മാനം നൽകുന്ന വിധികർത്താക്കളോടു പരിഭവിച്ചു. 2005ലെ സ്കൂൾ കലോൽസവത്തിൽ ഗാനമേളയ്ക്കും നാടൻപാട്ടിനും വിദ്യയ്ക്ക് ഒന്നാം സമ്മാനം ലഭിച്ചിരുന്നു. വെള്ളിനക്ഷത്രം കൂടാതെ സത്യം, നാട്ടുരാജാവ്, മയിലാട്ടം തുടങ്ങിയ ചിത്രങ്ങളിലും ഒട്ടേറെ സീരിയലുകളിലും വിദ്യ പാടിയിട്ടുണ്ട്.



വിദ്യ വിശ്വംഭരൻ



### വേദികളിൽ ഇന്ന്

വേദി ഒന്ന് പുത്തരിക്കണ്ടം മൈതാനം:
നാടൻ പാട്ട്-9.00
വേദി രണ്ട് പൂജപ്പുര മൈതാനം:
നാടകം-9.00
വേദി മൂന്ന് വിമൻസ് കോളജ്:
ദേശഭക്തിഗാനം 9.00
വേദി നാല് വിജെടി ഹാൾ:
ചെണ്ട, തായമ്പക-9.00
വേദി ഏഴ് എസ്എംവി സ്കൂൾ:
ഖുർ ആൻ പാരായണം-9.00
വേദി എട്ട് മണക്കാട് വിഎച്ച്എസ്എസ്:
വന്ദേമാതരം ആലാപനം-9.00
വേദി 11 ഹോളി ഏയ്ഞ്ചൽസ് സ്കൂൾ:
വഞ്ചിപ്പാട്ട് 9.00



ഹൈസ്കൂൾ വിഭാഗം ഉറുദു സംഘഗാനം എ ഗ്രേഡ് നേടിയ തിരുവനന്തപുരം മാറനല്ലൂർ ഡിവിഎം എൻഎൻഎം എച്ച്എസ്എസ് സംഘം.